(ബി) പദ്ധതി നിർവ്വഹണത്തിന് അനുവദിച്ച തുകയുടെയും അതിൽ വിനിയോഗിച്ച തുകയുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) അംഗീകരിച്ച നൽകിയ വാർഷിക പദ്ധതികൾ പൂർത്തിയാകാതിരിക്കാനുള്ള കാരണങ്ങൾ പറയാമോ ;

(ഡി) പൂർത്തീകരിക്കാത്ത വാർഷിക പദ്ധതികൾ 2015-16 വർഷം നടപ്പിലാക്കുന്നതിന് മാറ്റിവച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) ആകെ 11,91,589.50 ലക്ഷം രൂപ അടങ്കലുള്ള പദ്ധതികൾക്കാണ് അംഗീകാരം നൽകിയത്.

(ബി) പദ്ധതി നിർവ്വഹണത്തിന് മുൻബാക്കിയും ബജറ്റ് വിഹിതവുമുൾപ്പെടെ 599623.22 ലക്ഷം രൂപ ലഭ്യമായിരുന്നു. അതിൽ 403257.93 ലക്ഷം രൂപ വിനിയോഗിച്ചു.

(സി) പശ്ചാത്തല മേഖലയിലെ പ്രവൃത്തികൾ ടെണ്ടർ ചെയ്ത് നടപ്പിലാക്കുന്നതിൽ വന്ന കാലവിളംബവും കാലാവസ്ഥയിൽ വന്ന വ്യത്യാസങ്ങൾ, കെട്ടിട നിർമ്മാണ സാമഗ്രികളുടെ ലഭ്യതക്കുറവ് തുടങ്ങി വ്യത്യസ്തവും മുൻകൂട്ടി കാണാൻ കഴിയാതിരുന്നതുമായ ഒട്ടേറെ കാരണങ്ങൾ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പദ്ധതികൾ പൂർത്തീകരിക്കാതിരിക്കാൻ കാരണങ്ങളായിട്ടുണ്ട്.

(ഡി) പൂർത്തീകരിക്കാത്ത വാർഷിക പദ്ധതികളിൽ 52914 എണ്ണം 2015-2016 വർഷം നടപ്പിലാക്കുന്നതിന് മാറ്റിവച്ചിട്ടുണ്ട്. ഇതിന്റെ അടങ്കൽ തുക 2,54,943.74 ലക്ഷം രൂപയാണ്.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നീക്കിവച്ച തുക

**277 (1650)** <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) 2011-12 മുതൽ 2014-15 വരെയുള്ള കാലയളവിൽ ഓരോ സാമ്പത്തിക വർഷവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി നീക്കിവച്ച തുക എത്രയെന്നറിയിക്കാമോ ; ആകെ പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനമാണിതെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം എത്ര ശതമാനമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നീക്കിവയ്ക്കേണ്ടത് എന്നറിയിക്കാമോ ;

(സി) 2011-12 മുതൽ 2014-15 വരെയുള്ള വർഷങ്ങളിലെ ഓഡിറ്റ് പ്രകാരം നീക്കിവച്ച തുകയിൽ എത്ര തുക ചെലവഴിച്ചുവെന്നറിയിക്കാമോ ?

ഉത്തരം

(എ)

| വർഷം | പ്രാദേശിക സർക്കാരുകൾക്ക് നീക്കിവച്ച തുക (കോടിയിൽ) | പദ്ധതി വിഹിതത്തിന്റെ ശതമാനം |
|---|---|---|
| 2011-12 | 3952,60,70,000 | 32.91 |
| 2012-13 | 4878,49,75,000 | 34.82 |
| 2013-14 | 6276,18,37,000 | 36.92 |
| 2014-15 | 7507,47,65,000 | 37.54 |

(ബി) പ്രാദേശിക സർക്കാരുകൾക്ക് നീക്കിവയ്ക്കുന്ന മൊത്തം തുക പദ്ധതി വിഹിതത്തിന്റെ നിശ്ചിത ശതമാനമായിരിക്കണമെന്ന് ധനകാര്യ കമ്മിഷൻ ശുപാർശ ചെയ്തിട്ടില്ല.

ഓഡിറ്റ് പ്രകാരമുള്ള കണക്ക്

| വർഷം | നീക്കിവച്ച തുക (കോടിയിൽ) | ചെലവഴിച്ച തുക (കോടിയിൽ) |
|---|---|---|
| 2011-12 | 3530.81 | 2648.11 |
| 2012-13 | 3870.33 | 2747.93 |

2013-14, 2014-15 വർഷങ്ങളിലെ ഓഡിറ്റ് പൂർത്തിയായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly